## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3738 　　　　30.01.2014 -ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി ദീർഘദൂര ബസ്സുകളുടെ ആധുനീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യുടെ ദീർഘ ദൂരയാത്ര ബസ്സുകൾ നിലവിലുള്ള തിനേക്കാൾ ആധുനീകരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരി ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാ മോ ; | (എ) | നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കു ന്നത് ; | (ബി) | നിലവിൽ ഉണ്ടായിരുന്ന 30 സൂപ്പർ ഡീലക്സ് ബസുകൾക്ക് പകരം പുതിയ ബസുകൾ നിരത്തിലിറക്കി. കൂടാതെ 20 സൂപ്പർ ഡീലക്സ് ബസുകൾ അധികമായി നിരത്തിലിറക്കുന്നതിന്റെ ഭാഗമായി രണ്ടെണ്ണം പണിതീർത്ത് നിരത്തിലിറക്കുകയും 18 എണ്ണത്തിന്റെ ബോഡി നിർമ്മാണം തിരുവനന്തപുരം സെൻട്രൽ വർക്സിൽ പുരോഗമിച്ചു വരുകയും ചെയ്യുന്നു. കൂടാതെ 10 വോൾവോ മൾട്ടി ആക്സിൽ ബസുകൾ ക്ക് പർചേയ്സ് ഓർഡർ നല്കി. |
| (സി) | സ്വകാര്യ ലക്ഷ്വറി സർവ്വീസുകാ രുടെ ചൂഷണത്തിൽ നിന്ന് യാത്ര ക്കാരെ സംരക്ഷിക്കാൻ കെ.എസ്. ആർ.ടി.സി ബസ്സുകൾ നവീകരി ക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | നവീകരണത്തിന്റെ ഭാഗമായി കെ.എസ്. ആർ.ടി.സിയിൽ നിലവിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം ലഭ്യമാണ്. കൂടുതൽ ദീർഘദൂര ബസ്സുകളിലേയ്ക്ക് ഈ സംവിധാനം വ്യാപിപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നു. GPRS സംവിധാനത്തോടു കൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ (ETM) വ്യാപകമാകുന്ന മുറയ്ക്ക് തൽസമയ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.<br>യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ പുഷ്ബാക്ക് സീറ്റുകളും, എയർ - സസ്പെൻഷനുമുള്ള ബസ്സുകളാണ് ഡീലക്സ് നിലവാരത്തിലുള്ളത്. |

സെക്ഷൻ ഓഫീസർ